"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ്- കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ സൗത്ത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിലുള്ള പെരുമാച്ചേരി എ യു പി സ്കൂളിലെ ഉറുദു അദ്ധ്യാപിക ശ്രീമതി പ്രജ്നയുടെ 1.6.2017 മുതലുള്ള നിയമനം - മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കിക്കൊണ്ട്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.5346/2022/GEDN തീയതി,തിരുവനന്തപുരം, 13-09-2022

---

പരാമർശം:-
1. പെരുമാച്ചേരി എ യു പി സ്കൂളിലെ മാനേജർ 07.07.2020 ൽ സമർപ്പിച്ച റിവിഷൻ ഹർജി
2. 25/07/2022 ലെ തളിപ്പറമ്പ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ബി/1154/2021 നമ്പർ റിപ്പോർട്ട്
3. 16/05/2022 ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ജി2/15242/2021/ഡി.ജി.ഇ. നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ സൗത്ത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിലുള്ള പെരുമാച്ചേരി എ യു പി സ്കൂളിൽ വിരമിക്കലിനെ തുടർന്ന് ഉണ്ടായ ഒഴിവിൽ ഫുൾ ടൈം ഉറുദു അധ്യാപികയായി ശ്രീമതി പ്രജ്നയെ 1-6-2017 മുതൽ മാനേജർ നിയമിച്ചു. ശ്രീമതി പ്രജ്നയ്ക്ക് കെ.ടെറ്റ് യോഗ്യത ഇല്ലാത്തതിനാലും, പെരുമാച്ചേരി എ.യു.പി സ്കൂളിന്റെ മാനേജ്മെൻറ് മാറ്റം സംബന്ധിച്ച അപേക്ഷയിൽ നാളിതുവരെയായും തീരുമാനം എടുത്തിട്ടില്ല എന്ന കാരണത്താലും ശ്രീമതി പ്രജ്നയുടെ നിയമനം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചിരുന്നു. ഇതിനെതിരെ മാനേജർ സമർപ്പിച്ച അപ്പീൽ തളിപ്പറമ്പ ജില്ലാ വിദ്യാഭ്യാസ ഓഫീസറും പൊതുവിദ്യാഭ്യാസ ഡയറക്ടറും കാര്യാലയത്തിൽ നിന്നും നിരസിച്ചിരുന്നു. ഇതിനെതിരെ മാനേജർ പരാമർശം 1 പ്രകാരം ഒരു റിവിഷൻ ഹർജി സർക്കാരിൽ സമർപ്പിച്ചിരുന്നു.

2) സർക്കാർ ഈ വിഷയം നിലവിലുള്ള ചട്ടങ്ങൾ , ഉത്തരവുകൾ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു.

3) കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ നോർത്ത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിലുള്ള പെരുമാച്ചേരി എ.യു.പി.സ്കൂളിലെ മാനേജരായിരുന്ന ശ്രീ.കെ.വി.കരുണാകരൻ നായരുടെ കാലാവധി 11/08/2014 ന് അവസാനിച്ചു. 12/8/2014 മുതൽ മാനേജരായി ശ്രീ.കെ.വി.കരുണാകരനെ അംഗീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ ഉപജില്ലാവിദ്യാഭ്യാസ ഓഫീസർക്കു സമർപ്പിച്ചിരുന്നെങ്കിലും വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചുവന്നിരുന്ന സ്കൂളിന്റെ കാര്യത്തിൽ സ്ഥല ഉടമയുമായുള്ള തർക്കം കാരണം ശ്രീ.കെ.വി.കരുണാകരന് മാനേജരായി അംഗീകാരം ലഭിച്ചിരുന്നില്ല. പിന്നീട്, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവനുസരിച്ച്,

ഉപജില്ലാവിദ്യാഭ്യാസ ഓഫീസറുടെ 16/7/2018 ലെ ഉത്തരവ് പ്രകാരം 12/8/2014 മുതൽ മുൻകാല പ്രാബല്യത്തോടെ ശ്രീ.കെ.വി.കരുണാകരന് മാനേജരായി അംഗീകാരം നൽകി.

4) ഇക്കാലയളവിനിടെ, മുൻ മാനേജരായിരുന്ന ശ്രീ.കെ.വി.കരുണാകരൻ നായർ മാനേജരായി തുടർന്ന് വന്നിരുന്നതായും, ടിയാൻ 1.5.2016ന് ഒരു പ്രഥമാദ്ധ്യാപക നിയമനവും 1.6.2017-ന് ഒരു ഭാഷാദ്ധ്യാപിക നിയമനവും നടത്തിയിരുന്നതായും റിപ്പോർട്ടുണ്ട്. ഇവയിൽ പ്രഥമാദ്ധ്യാപക നിയമനം ഉപജില്ലാവിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ച നല്കിയെങ്കിലും ഭാഷാദ്ധ്യാപിക നിയമനം നടത്തിയത് നിയുക്ത മാനേജരായിരുന്ന ശ്രീ.കെ.വി.കരുണാകരനല്ല എന്നതിനാലും, അത് മുൻ മാനേജരായിരുന്ന ശ്രീ.കെ.വി.കരുണാകരൻ നായർ ആയിരുന്നു എന്നതിനാലും, ഭാഷാദ്ധ്യാപിക നിയമനം അംഗീകരിച്ചില്ല. ഈ ഭാഷാദ്ധ്യാപിക നിയമനം അംഗീകരിക്കണമെന്ന് പരാമർശം 1 പ്രകാരം മാനേജർ റിവിഷൻ ഹർജി സമർപ്പിച്ചു.

5) ശ്രീ.കെ.വി.കരുണാകരനെ 12/8/2014 മുതൽ മാനേജരായി അംഗീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ ഉപജില്ലാവിദ്യാഭ്യാസ ഓഫീസർ മുമ്പാകെ ഉണ്ടായിരിക്കുകയും, ആയത് അപ്പോൾ നിലവിലിരുന്ന സ്വത്തു തർക്കം മൂലം തീരുമാനിക്കപ്പെടാതെ തുടരുകയും ചെയ്ത കാലയളവിലാണ് 1.5.2016 ന് ഒരു പ്രഥമാദ്ധ്യാപക ഒഴിവും, 1.6.2017-ന് ഒരു ഭാഷാദ്ധ്യാപിക(ഉറുദു) ഒഴിവും സംജാതമായത്. മുൻ മാനേജരായിരുന്ന ശ്രീ.കെ.വി.കരുണാകരൻ നായർ നികത്തിയ ടി നിയമനങ്ങൾക്കെതിരെ നിയുക്ത മാനേജരായിരുന്ന ശ്രീ.കെ.വി.കരുണാകരനോ മറ്റേതെങ്കിലും കക്ഷികളോ തർക്കമുന്നയിച്ചതായി റിപ്പോർട്ട് ചെയ്തിട്ടില്ല. കൂടാതെ ഒഴിവുകൾ വ്യവസ്ഥാപിതമല്ലെന്നും മറ്റേതെങ്കിലും സ്റ്റാറ്റ്യൂട്ടറി അവകാശികളുണ്ടായിരുന്നെന്നും യോഗ്യത സംബന്ധിച്ച വിഷയങ്ങളുണ്ടെന്നും ഉള്ളതായും റിപ്പോർട്ട് ചെയ്തിട്ടില്ല. ടി സാഹചര്യത്തിൽ ശ്രീ.കെ.വി.കരുണാകരൻ നായർ നടത്തിയതായ പ്രഥമാദ്ധ്യാപക നിയമനം ഉപജില്ലാവിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ച നൽകിയ സ്ഥിതിയ്ക്ക് ശ്രീ.കെ.വി.കരുണാകരൻ നായർ തന്നെ നടത്തിയതായ ഭാഷാദ്ധ്യാപിക നിയമനം അംഗീകരിക്കാതിരിക്കുന്നതിൽ അനൌചിത്യമുണ്ട്.

6) സ്കൂളിൽ അദ്ധ്യാപക ഒഴിവു വന്നപ്പോൾ ആയത് നികത്തപ്പെട്ടിട്ടുണ്ട്. വിദ്യാഭ്യാസ ഓഫീസർ ഉയർത്തുന്ന ഒരേയൊരു തടസ്സവാദം അംഗീകൃത മാനേജരല്ല നിയമനം നടത്തിയതെന്നു മാത്രമാണ്. പ്രസ്തുത കാലയളവിൽ അംഗീകൃത മാനേജറാകേണ്ടിയിരുന്ന വ്യക്തി മരണപ്പെടുന്നതുവരെയും അദ്ദേഹത്തിന് വിദ്യാഭ്യാസ ഓഫീസർ അംഗീകാരം നൽകിയിരുന്നില്ല. പ്രസ്തുത വ്യക്തിയ്ക്ക് മരണാനന്തരം മാത്രം നൽകിയ അധികാരം/അംഗീകാരം വിനിയോഗിക്കാനാകില്ല എന്നത് വസ്തുതയാണ്. 1.6.2017-ന് ഒഴിവു വന്നപ്പോൾ അതിലേയ്ക്ക് നിയമനം ലഭിച്ച് 5 വർഷമായി കുട്ടികളെ പഠിപ്പിച്ചുവരുന്ന ഭാഷാദ്ധ്യാപികയ്ക്ക് അംഗീകാരം നൽകുന്നതിന് വിദ്യാഭ്യാസ ഓഫീസർ ഉയർത്തുന്ന തടസ്സവാദം അപ്രസക്തമാണ്. ഭാഷാദ്ധ്യാപികയ്ക്ക് അംഗീകാരം നൽകുന്നതിന് നിർദ്ദേശം നൽകണമെന്ന് പരാമർശം 1 പ്രകാരം സമർപ്പിച്ച ഹർജിയിൽ ആവശ്യപ്പെട്ടിട്ടുള്ളതിനാൽ മാനേജ്മെന്റിന്റെ ഭാഗത്തുനിന്നും എതിർപ്പില്ലെന്ന് വ്യക്തമാണ്.

6) മേൽ വിവരിച്ച സാഹചര്യങ്ങൾ കണക്കിലെടുത്ത്, കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ സൗത്ത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിലുള്ള പെരുമാച്ചേരി എ യു പി സ്കൂളിലെ

ഭാഷാദ്ധ്യാപികയായ (ഉറുദു) ശ്രീമതി പ്രജ്നയ്ക്ക് 01.06.2017 മുതൽ നൽകിയ നിയമനം മറ്റുവിധത്തിൽ ക്രമപ്രകാരമെങ്കിൽ ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട പൊതുനിർദ്ദേശങ്ങൾക്കു വിധേയമായി അംഗീകരിക്കുന്നതിനുള്ള നിർദ്ദേശം തളിപ്പറമ്പ സൌത്ത് ഉപജില്ലാവിദ്യാഭ്യാസ ഓഫീസർക്കു നൽകിക്കൊണ്ട് ടി സ്കൂൾ മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SUNITHA.S.GEORGE

അണ്ടർ സെക്രട്ടറി

പകർപ്പ്:-

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, തളിപ്പറമ്പ സൗത്ത്.

പ്രജ്ന.എൻ, ഉറുദു അധ്യാപിക(ഫുൾടൈം) പെരുമാച്ചേരി എ.യു.പി.സ്കൂൾ, കണ്ണൂർ.

മാനേജർ, പെരുമാച്ചേരി എ.യു.പി.സ്കൂൾ, കണ്ണൂർ.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

പൊതുജന സമ്പർക്ക പ്രസിദ്ധീകരണ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by Mini.t.r.

Date: 13-09-2022 11:26:24

സെക്ഷൻ ഓഫീസർ